# ടെണ്ടർ പരസ്യം

## ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്

കൊച്ചിൻ ദേവസ്വം ബോർഡ് വക ചോറ്റാനിക്കര ഭഗവതിക്ഷേത്രത്തിൽ നിന്നും പൂജിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ താഴെ പറയുന്ന ഇനങ്ങൾ എറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിൽ എത്തിച്ചു നൽകുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

1) സുദർശനചക്രം/ശ്രീചക്രം വലുത് - 17 cm * 17 cm
ഒരെണ്ണത്തിനുള്ള എറ്റവും കുറഞ്ഞ നിരക്ക്

2) സുദർശനചക്രം/ ശ്രീചക്രം ചെറുത് – 13 cm * 13 cm
ഒരെണ്ണത്തിനുള്ള എറ്റവും കുറഞ്ഞ നിരക്ക്

3) ചരട് (മഞ്ഞ, ചുവപ്പ്, കറുപ്പ്) - 80 cm
1000 എണ്ണത്തിന് എറ്റവും കുറഞ്ഞ നിരക്ക്

മേൽപറഞ്ഞ ഇനങ്ങൾ ദേവസ്വം നിബന്ധനകൾക്ക് അനുസൃതമായി എറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിന് ഗുണകരമായ രീതിയിൽ എത്തിച്ചുതരുന്നവരുടെ പേരിൽ 1197 വൃശ്ചികം 1 മുതൽ ഒരു വർഷത്തേക്ക് മാത്രമായി ടി അവകാശം നിജപ്പെടുത്തി നൽകുന്നതാണ്. സുദർശനചക്രം/ശ്രീചക്രം എന്നിവ ചെമ്പുതകിടിൽ എഴുതി കാർഡ്ബോർഡിൽ പതിച്ച് ഗ്ലാസ്സ് ഇട്ട് അലൂമിനിയം ഫ്രെയിമോടുകൂടി വൃത്തിയായി പണിതുതരേണ്ടതാണ്. മേൽപ്രകാരമുള്ള ഇനങ്ങളിൽ കേടുവന്നതും ഉപയോഗിക്കുവാൻ പറ്റാത്തതുമായ ഇനങ്ങൾക്ക് പകരം നല്ലത് എത്തിച്ചു നൽകേണ്ടതാണ്. ടെണ്ടറുകളോടൊപ്പം നിരതദ്രവ്യമായി ഓരോന്നിനും 15,000/- രൂപയുടെ അസിസ്റ്റന്റ് കമ്മീഷ്ണർ, ചോറ്റാനിക്കര ദേവസ്വം എന്ന പേരിൽ D.D. വാങ്ങി അടക്കം ചെയ്യേണ്ടതും ഇനങ്ങളുടെ സാമ്പിളുകൾ പ്രത്യേകം കവറുകളിൽ അടക്കം ചെയ്യേണ്ടതുമാണ്. കുറഞ്ഞ ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനം ബോർഡ് സെക്രട്ടറിയുടെ പേരിൽ മുദ്രപത്രത്തിൽ കച്ചീട്ട് എഴുതി സമർപ്പിക്കേണ്ടതും സെക്യൂരിറ്റി

ഡെപ്പോസിറ്റായി 50,000/-ക ചക്രത്തിനും, 50,000/-ക ചരടിനും പാട്ടമിച്ചവാരം രശീതിപ്രകാരം ദേവസ്വത്തിൽ അടയ്ക്കേണ്ടതുമാണ്. (സെക്യൂരിറ്റി ഡെപ്പോസിറ്റിന് യാതൊരു കാരണവശാലും പലിശ നൽകുന്നതല്ല.) ടെണ്ടറുകൾ 2021.10.12 ന് **പകൽ** 11:30 **മണിക്ക്** മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നേദിവസം 12 **മണിക്ക്** ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ബഹു: കൊച്ചി ദേവസ്വം ബോർഡിന്റെ തീരുമാനം ലഭിച്ചതിനുശേഷം കരാർ ഉറപ്പിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ചോറ്റാനിക്കര ദേവസ്വം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ടെണ്ടർ പ്രകാരം വർക്ക് ഏറ്റെടുക്കുന്ന വ്യക്തി നിയമാനുസൃത നികുതികൾ അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.

22.9.21

ചോറ്റാനിക്കര

അസിസ്റ്റന്റ് കമ്മീഷ്ണർ
ചോറ്റാനിക്കര ദേവസ്വം

## ടെണ്ടർ പരസ്യം

## ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്

കൊച്ചിൻ ദേവസ്വം ബോർഡ് വക ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിലെ ആവശ്യത്തിലേക്കായി 1197 വൃശ്ചികം 1 മുതൽ 1197 തുലാം 30 കൂടി വെള്ളി കൊണ്ടുള്ള ഏലസ്/കൂട് 600 മി.ഗ്രാം തൂക്കത്തിൽ ഏറ്റവും കുറഞ്ഞ പണിക്കൂലിയിൽ നിർമ്മിച്ചു നൽകുന്നതിന് ടെണ്ടർ ക്ഷണിക്കുന്നു. വെള്ളി (999 CT) വകുപ്പിൽ നിന്ന് നൽകുന്നതായിരിക്കും.

ടെണ്ടർ സമർപ്പിക്കുന്നതിന് ആഗ്രഹിക്കുന്നവർ 2021.10.12-ാം തിയ്യതിക്ക് പകൽ 11 മണിക്ക് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ 11:30 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാകുന്നു. ടെണ്ടറിനോടൊപ്പം 10,000/- ക.യുടെ D.D. നിരതദ്രവ്യമായി ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ, ചോറ്റാനിക്കര ദേവസ്വം എന്ന വിലാസത്തിൽ അടക്കം ചെയ്യേണ്ടതും, ഇനങ്ങളുടെ സാമ്പിൾ പ്രത്യേകം പ്രത്യേകം കവറിൽ അടക്കം ചെയ്യേണ്ടതുമാണ്..

വകുപ്പിൽ നിന്ന് നൽകുന്ന വെള്ളി 999 CT ആയിരിക്കുന്നതും, അതേ ഗുണനിലവാരത്തിലും,600 മി.ഗ്രാം തൂക്കത്തിൽ ഏലസ്(കൂട്) നിർമ്മിച്ചു ചോറ്റാനിക്കര ദേവസ്വത്തിൽ ടെണ്ടറുകാരന്റെ സ്വന്തം ചിലവിൽ എത്തിക്കേണ്ടതുമാകുന്നു. ഗുണനിലവാരവും തൂക്കവും വകുപ്പിലെ ബന്ധപ്പെട്ട അപ്രൈസർമാർ പരിശോധിക്കുന്നതുമായിരിക്കും.

ഒരു കിലോഗ്രാം വെള്ളിക്ക് 50,000/- ക വീതം (അമ്പതിനായിരം) വീതം ഡെപ്പോസിറ്റ് കെട്ടിവെയ്ക്കേണ്ടതാണ്. ഏലസ്/കൂട് പണിത് ഏല്പിക്കുന്നതനുസരിച്ച് സംഖ്യ മടക്കി നൽകുന്നതുമായിരിക്കും.

ടെണ്ടർ വിളിച്ച ആൾ ഗുണനിലവാരത്തിലും തൂക്കത്തിലും ഏതെങ്കിലും വിധത്തിൽ ക്രമക്കേടു നടത്തി വകുപ്പിന് നഷ്ടം സംഭവിക്കുന്ന പക്ഷം നിരതദ്രവ്യം സംഖ്യയിൽനിന്നും പ്രസ്തുതസംഖ്യ പിടിക്കുന്നതും സംഖ്യ പോരാതെ വരുന്നപക്ഷം മറ്റ് നടപടികളിലൂടെ സംഖ്യ വസൂലാക്കുന്നതുമാണ്. ടെണ്ടർപ്രകാരമുള്ള നിബന്ധനകൾ 100/- ക.യുടെ മുദ്രപത്രത്തിൽ ടെണ്ടർ വിളിച്ച വ്യക്തി ബോർഡ് സെക്രട്ടറിയുടെ പേരിൽ കച്ചീട്ട് എഴുതി സമർപ്പിക്കേണ്ടതാണ്. വർക്ക് ഏറ്റെടുക്കുന്ന വ്യക്തി നിയമാനുസൃത നികുതികൾ അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്.

പരസ്യത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

ചോറ്റാനിക്കര ദേവസ്വം – 0484 2711032

22.9.21

ചോറ്റാനിക്കര ദേവസ്വം

അസിസ്റ്റന്റ് കമ്മീഷ്ണർ